(ബി) കായിക്കര കടവ് പാലം പണിയുന്നതിന് നടപ്പു സാമ്പത്തിക വർഷ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു ;

(സി) ഈ പാലത്തിന്റെ പണി ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റെഫ്കോസ്റ്റ് എസ്റ്റിമേറ്റ് പരിശോധനയിലാണ്.

(ബി) 2 ലക്ഷം രൂപ.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

## മേപ്പാടി - നിലമ്പൂർ റോഡ്

135 (738) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയും മലപ്പുറം ജില്ലയും തമ്മിൽ ബന്ധിപ്പിക്കുന്ന മേപ്പാടി നിലമ്പൂർ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ റോഡിന്റെ നിർമ്മാണത്തിന് ഏതൊക്കെ വർഷങ്ങളിൽ എത്ര രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല.

(സി) റോഡ് 7 കിലോമീറ്റർ വനത്തിൽ കൂടി കടന്നു പോകുന്നതിനാൽ വനം വകുപ്പിന്റെ അനുമതി ആവശ്യമാണ് അതിനുള്ള നടപടികൾ പൂർത്തിയാക്കിയ ശേഷമേ തീരുമാനിക്കാനാകൂ.

## നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നടപടി

136 (740) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡത്തിലെ റോഡുകളുടെ ശോസനീയാവസ്ഥ പരിഹരിക്കുവാൻ ഡിസംബർ 9-ന് ചീഫ് എഞ്ചിനീയറുടെ ആഫീസിൽ കൂടിയ യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് ;

(ബി) ഈ തീരുമാനങ്ങളിൽ ഏതൊക്കെ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട് ;

(സി) പണിപൂർത്തിയാകാത്ത റോഡുകളുടെ പണി ഈ മാസം 28-ന് മുമ്പ് തന്നെ പൂർത്തികരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) താഴെപ്പറയുന്ന 13 റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. ഇവയിൽ

1. കുമ്മിപ്പള്ളി മുക്കോലയ്ക്കൽ റോഡ്.
2. തിരുവനന്തപുരം - ചെങ്കോട്ട റോഡ് കി.മീ.18/00 to 23/800
3. തിരുവനന്തപുരം - പൊന്മുടി റോഡ് ചുള്ളിമാനൂർ മുതൽ തൊളിക്കോടുവരെ
4. നെടുമങ്ങാട് ടൗൺ റോഡ് മുഴുവൻ. എന്നീ റോഡുകളുടെ പണിപൂർത്തിയായിട്ടുണ്ട്.
5. നെടുമങ്ങാട്-അരുവിക്കര റോഡ് (മഞ്ച വഴി) ടാർ പണി ചെയ്യുന്നതിന് ആവശ്യമായ മെറ്റൽ മുഴുവനും ശേഖരിച്ചു കഴിഞ്ഞു. ടാറിന്റെ ദൗർലഭ്യവും ഈ റോഡിലെ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ചോർച്ച തീർക്കാത്തതും പണിയെ ബാധിച്ചിട്ടുണ്ട്.
6. വട്ടപ്പാറ -കുറ്റിയാനി-പോത്തൻകോട് റോഡ്. കി.മി.0/00 to 2/00 വരെ മെറ്റൽ ടാറിംഗിന് വേണ്ടി ഇറക്കിയിട്ടുണ്ട്. ടാറിന്റെ ലഭ്യത അനുസരിച്ച് പണി പൂർത്തിയാക്കുന്നതാണ്.
7. വെമ്പായം-പള്ളിപ്പുറം റോഡ്, ആനാട്-കൈ വഴി റോഡ് ഇവയ്ക്ക് ആവശ്യമായ ടാർ നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
8. വള്ളിയറുപ്പൻ കാട്-സിൽക്ക്ഗാം റോഡിന്റെ റീ ടാറിംഗ് പണി ടെണ്ടർ വിളിച്ചു എങ്കിലും കരാറുകാരെ കിട്ടിയില്ല.
9. ആറ്റിൻപുറം പാലത്തിന്റെ അപ്രോച്ച് റോഡ്, ആനാട് പുലിപ്പാറ റോഡ് ഇവകളുടെ പണികൾ തുടങ്ങുവാൻ ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്.
10. കരകളും - മുക്കോലയ്ക്കൽ റോഡ് കി.മി.0/000 to 2/300 വരെ 20 എം.എം. സി.സി. ചെയ്യാനുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്.
11. ആനാട്-പുലിപ്പാറ റോഡ് കി.മി.0/00 to 2/600 വരെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്.
12. നെടുമങ്ങാട് - അരുവിക്കര റോഡ് കി.മീ. 3/00 to 5/00 എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്.
13. തിരുവനന്തപുരം ചെങ്കോട്ട റോഡിൽ കി.മീ.9/00 to 10/00 പാർശ്വ ഭിത്തിയും ഓട നിർമ്മാണവും മുതലായ പണികൾക്കുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നേമം നിയോജക മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

137 (741) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 നവംബർ, ഡിസംബർ, 2001 ജനുവരി മാസങ്ങളിൽ പി.ഡബ്ല്യൂ.ഡി, തിരുവനന്തപുരം റോഡ്സ് ഡിവിഷൻ എത്ര ലോഡ് ടാർ സ്റ്റോക്കിലെടുത്തിട്ടുണ്ട്;

(ബി) ഇതിൽ ഓരോ സെക്ഷനും എത്ര ലോഡ് ടാർ വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് സെക്ഷന്റെ പേരുൾപ്പെടെ വെളിപ്പെടുത്താമോ ;

(സി) വർഷങ്ങളായി പുനരുദ്ധാരണമോ, അറ്റകുറ്റപ്പണികളോ നടത്താത്ത നേമം നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) 1998-നു ശേഷം ടെണ്ടർ ചെയ്തിട്ടുള്ള റോഡുകൾ പുനരുദ്ധരിക്കുവാൻ നൽകിയ ടാറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 136 ടാങ്കർ ലോഡ്

(ബി)

| | |
|---|---|
| സിറ്റി റോഡ് സെക്ഷൻ നമ്പർ | 1-9 ലോഡ് |
| സിറ്റി റോഡ് സെക്ഷൻ നമ്പർ | 2-8 ലോഡ് |
| സിറ്റി റോഡ് സെക്ഷൻ നമ്പർ | 3-12 ലോഡ് |
| കന്റോൺമെന്റ് സെക്ഷൻ | 15 ലോഡ് |
| മലയിൻകീഴ് സെക്ഷൻ | 5 ലോഡ് |
| കഴക്കൂട്ടം സെക്ഷൻ | 5 ലോഡ് |
| നെടുമങ്ങാട് സെക്ഷൻ | 10 ലോഡ് |
| പാലോട് സെക്ഷൻ | 13 ലോഡ് |
| വെഞ്ഞാറമൂട് സെക്ഷൻ | 5 ലോഡ് |
| ആര്യനാട് സെക്ഷൻ | 7 ലോഡ് |
| ആറ്റിങ്ങൽ സെക്ഷൻ | 5 ലോഡ് |
| കിളിമാനൂർ സെക്ഷൻ | 9 ലോഡ് |
| വർക്കല സെക്ഷൻ | 5 ലോഡ് |
| നെയ്യാറ്റിൻകര സെക്ഷൻ | 6 ലോഡ് |
| കുന്നത്തുകാൽ സെക്ഷൻ | 9 ലോഡ് |
| കാഞ്ഞിരംകുളം സെക്ഷൻ | 8 ലോഡ് |
| പാറശ്ശാല സെക്ഷൻ | 5 ലോഡ് |

LIBRARY ARCHIVES Kerala Legislative Assembly